(സി) എത്ര കേസ്സുകൾ ഇക്കാലയളവിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി ;

(ഡി) കൊലചെയ്യപ്പെട്ട സി.പി.ഐ.(എം) പ്രവർത്തകർ ആരൊക്കെ ;

(ഇ) നാശനഷ്ടങ്ങൾ ഉണ്ടായ ആർക്കെല്ലാം സർക്കാർ നഷ്ടപരിഹാരം ലഭ്യമാക്കുകയുണ്ടായെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2015 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ആർ.എസ്.എസ്./ ബി.ജെ.പി. പ്രവർത്തകർ സി.പി.ഐ.(എം.) പ്രവർത്തകരെ ആക്രമിച്ച സംഭവങ്ങൾ ചില ജില്ലകളിൽ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ സംസ്ഥാനത്ത് സി.പി.ഐ.(എം.) പ്രവർത്തകരും അനുഭാവികളുമായിട്ടുള്ള 20 പേരുടെ വീടുകൾ ആക്രമണങ്ങൾക്കിരയായിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക്

ആലപ്പുഴ	-	1
കോട്ടയം	-	2
പാലക്കാട്	-	1
കണ്ണൂർ	-	16

(സി) 31 കേസ്സുകൾ ഇക്കാലയളവിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി.

(ഡി) ഈ കാലയളവിൽ കാസർഗോഡ് ജില്ലയിൽ കായക്കുന്ന് എന്ന സ്ഥലത്തുവച്ച് 28-8-2015-ന് നടന്ന രാഷ്ട്രീയ കൊലപാതകത്തിൽ നാരായണൻ എന്ന സി.പി.ഐ.(എം.) പ്രവർത്തകൻ കൊലചെയ്യപ്പെട്ടിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

എൽ.എൽ.എം. പരീക്ഷയിലെ കോപ്പിയടി

238 (246) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.ജി. സർവകലാശാലയുടെ എൽ.എൽ.എം. പരീക്ഷയിൽ തൃശ്ശൂർ റേഞ്ച് ഐ.ജി കോപ്പിയടിച്ചതായി, ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയ സർവ്വകലാശാല സിൻഡിക്കേറ്റ് ഉപ സമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഐ.ജി. യ്ക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

ഉത്തരം

(എ&ബി) എം.ജി. സർവ്വകലാശാലയുടെ എൽ.എൽ.എം. പരീക്ഷയിൽ തൃശ്ശൂർ റേഞ്ച് ഐ.ജി. ആയിരുന്ന ശ്രീ. റ്റി. ജെ. ജോസ് ഐ.പി.എസ്. കോപ്പിയടിച്ചതുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഓൺ സ്റ്റുഡന്റ്സ് ഡിസിപ്ലിൻ, വെൽഫെയർ ആന്റ് ഗ്രീവൻസസ് നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് അംഗീകരിച്ച റിപ്പോർട്ടുകൂടി ലഭിക്കാനുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ അന്തിമ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുന്നതാണ്.

ജില്ലാ ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനരീതി

239 (247) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ക്രൈം ബ്രാഞ്ച്, ജില്ലാ ക്രൈം ബ്രാഞ്ച്, ക്രൈം ഡിറ്റാച്ച്മെന്റ് സെൽ എന്നിവയുടെ പ്രവർത്തനരീതി വിശദമാക്കുമോ ; ഓരോ ബ്രാഞ്ചിലും അനുവദിച്ചിട്ടുള്ള മൊത്തം ഉദ്യോഗസ്ഥരുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) കേസ്സുകൾ സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിനും ജില്ലാ ക്രൈം ബ്രാഞ്ചിനും കൈമാറുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ;

(സി) സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിന്റെയും ജില്ലാ ക്രൈം ബ്രാഞ്ചിന്റെയും പ്രവർത്തന രീതിയിലുള്ള വ്യത്യാസം എന്താണെന്ന് വ്യക്തമാക്കുമോ; ;

(ഡി) ക്രൈം ഡിറ്റാച്ച്മെന്റ് സെൽ ഏതൊക്കെ തരത്തിലുള്ള കേസ്സുകളാണ് കൈകാര്യം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഓരോ വിഭാഗവും കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടെ എത്ര കേസ്സുകൾ ഏറ്റെടുത്തു എന്നും എത്ര കേസ്സുകളുടെ അന്വേഷണം പൂർത്തിയാക്കി എന്നും ഇതിൽ എത്ര കേസ്സുകളിൽ കുറ്റവാളികളെ ശിക്ഷിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly